11040

9157

26 SEP 2017

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - 2017 ഒക്ടോബർ 2 മുതൽ 8 വരെയുള്ള വന്യജീവി വാരാഘോഷം - 5.10.2017-ന് സർക്കാർ ഉദ്യോഗസ്ഥരും സ്കൂൾ വിദ്യാർത്ഥികളും പ്രതിജ്ഞ എടുക്കുന്നത് സംബന്ധിച്ച നിർദ്ദേശം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ഡി) വകുപ്പ്

**G.O.(Rt)No. 353/2017/F&WLD** തിരുവനന്തപുരം, തീയതി,19/09/2017

പരാമർശം: 1) 23.08.2016 ലെ സ.ഉ.(സാധാ) നം. 344/2016/വനം.

2) വന്യജീവി വിഭാഗം മുഖ്യവനപാലകന്റെ 20.07.2017-ലെ ഡബ്ല്യൂ.എൽ.10-36360/2017 നമ്പർ കത്ത്.

ഉത്തരവ്

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ജന്മദിനമായ ഒക്ടോബർ 2 മുതൽ ഒരാഴ്ച വന്യജീവി വാരമായി വർഷംതോറും ആചരിച്ച് വരുന്നുണ്ട്. വനത്തിനേയും വന്യജീവികളേയും സംരക്ഷിക്കുക എന്ന മഹത്തായ ലക്ഷ്യം മുൻനിർത്തി എല്ലാ ജനവിഭാഗങ്ങളേയും ബോധവൽക്കരിക്കുക, സംരക്ഷണപ്രവർത്തനങ്ങളിൽ അവരവരുടെ പങ്കാളിത്തവും പ്രേരണയും ഉറപ്പുവരുത്തുക എന്നിവയോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളാണ് വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി വിഭാവനം ചെയ്യുന്നത്.

2) വന്യജീവി വാരാഘോഷത്തിന്റെ സന്ദേശം വിദ്യാർത്ഥികളിലും, ജീവനക്കാരിലും എത്തിക്കുന്നതിന് 05.10.2017-ന് ഉച്ചയ്ക്ക് മുമ്പ് സർക്കാർ ഉദ്യോഗസ്ഥരും, സ്കൂൾ വിദ്യാർത്ഥികളും അവർക്ക് സൗകര്യപ്രദമായ സ്ഥലത്ത് വെച്ച് താഴെ കൊടുത്തിരിക്കുന്ന പ്രതിജ്ഞ എടുക്കണമെന്നും ആയതിനുള്ള ക്രമീകരണങ്ങൾ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് സർക്കാർ ഉത്തരവാകുന്നു.

പ്രതിജ്ഞ

"കേരളത്തിന്റെ കാടുകളും, പുഴകളും, വന്യജീവികളുമെല്ലാം ഞങ്ങളുടെ സ്വത്താണ്, നിലനിൽപ്പാണ്, അഭിമാനമാണ്. ഇവ വരും തലമുറകളുടെ അവകാശമാണ്. ഇവയെ ഞങ്ങൾ സംരക്ഷിക്കും. അതിനെ നശിപ്പിക്കാൻ ഒരു ശക്തിയെയും അനുവദിക്കുകയില്ല. കാടും, ജലസമൃദ്ധിയും, പച്ചപ്പും സംരക്ഷിക്കുമെന്ന് ഈ മണ്ണിൽ തൊട്ട് ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു.

കാടിനു കാവൽ നാം തന്നെ.
കാടിനു കാവൽ നാം തന്നെ.
കാടിനു കാവൽ നാം തന്നെ."

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**GIRIJA KUMARI G**
**DEPUTY SECRETARY**

To:- ഗവൺമെന്റ് സെക്രട്ടറിമാർക്ക്.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം), തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

പുറത്തേക്ക് കത്ത് നം. ഏ.4/71648/2017/ഡി.ഡി.ഇ. തീയതി 4/10/2017
ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി പകർപ്പ് എല്ലാ ഹെഡ്മാസ്റ്റർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകുന്നു

Scanned by CamScanner